കെ.ടി ഹുസൈൻ

# മഖ്ദൂം പണ്ഡിതന്മാർ: ജീവിതം, രാഷ്ട്രീയം

**ആഭ്യന്തരവും** വൈദേശികവുമായ വെല്ലുവിളികളാൽ കേരളത്തിലെ ഇസ്‌ലാമിക സമൂഹം കടുത്ത സ്വത്വപ്രതിസന്ധിയെ അഭിമുഖീകരിച്ച സവിശേഷമായ ഒരു ചരിത്ര ഘട്ടത്തിൽ സമുദായത്തിന് ദിശാബോധത്തോടെ നേതൃത്വം നൽകുകയും കേരളീയ മുസ്‌ലിംജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും നവോത്ഥാനത്തിന്റെ കൈത്തിരി പടർത്തുകയും ചെയ്ത രണ്ട് മഹാ പണ്ഡിതന്മാരാണ് പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ പൊന്നാനിയിൽ ജീവിച്ച സൈനുദ്ദീൻ മഖ്ദൂം ഒന്നാമനും രണ്ടാമനും.

പതിനഞ്ചാം നൂറ്റാണ്ട് കേരള മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം സുപ്രധാനമായ ഒരു ദിശാമാറ്റത്തിന് നാന്ദികുറിച്ച ചരിത്രഘട്ടമായിരുന്നു. സാമൂതിരിയുടെ പ്രിയപ്പെട്ട പ്രജകളെന്ന നിലയിൽ എല്ലാവിധ പ്രതാപൈശ്വര്യങ്ങളോടും സമാധാനപരമായും ജീവിച്ചിരുന്ന മുസ്‌ലിംകൾ ആദ്യമായി ഒരു വിദേശാക്രമണത്തിന്റെ തീച്ചൂളയിലേക്ക് എടുത്തെറിയപ്പെട്ടത് പതിനഞ്ചാം നൂറ്റാണ്ടിന്റെ ഒടുവിൽ പോർച്ചുഗീസ് കപ്പിത്താനായ വാസ്കോ ഡ ഗാമയുടെ കേരളത്തിലേക്കുള്ള വരവോടെയായിരുന്നുവല്ലോ.

കടലിലെ ആധിപത്യവും സാമ്പത്തിക സുസ്ഥിതിയും കാരണം മറച്ചുവെക്കപ്പെട്ടിരുന്ന കേരള മുസ്‌ലിം സാമൂഹികജീവിതത്തിന്റെ ആന്തരികമായ ഒട്ടേറെ ദൗർബല്യങ്ങൾ പുറത്തുകൊണ്ടുവന്നു എന്നതായിരുന്നു പോർച്ചുഗീസ് ആക്രമണത്തിന്റെ പ്രത്യാഘാതങ്ങളിൽ പ്രധാനപ്പെട്ട ഒന്ന്. അജ്ഞതയും അന്ധവിശ്വാസവും അനാചാരങ്ങളും കൊണ്ട് ജടിലമായ കേരളീയ പൊതുസമൂഹവുമായുള്ള ദീർഘകാല വേഴ്ചയിലൂടെ സ്വാഭാവികമായി പലതരം ജീർണതകൾക്ക് കേരളത്തിലെ മുസ്‌ലിം സമൂഹം വിധേയമായിരുന്നുവെന്നത് വസ്തുതയാണ്. അത്തരം ചില ജീർണതകൾ സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ *തുഹ്ഫത്തുൽ മുജാഹിദീനിൽ* എടുത്തുപറയുകയും ചെയ്തിട്ടുണ്ട്. ദായധന വിതരണത്തിൽ പോലും വടക്കേ മലബാറിലെ മുസ്‌ലിംകൾ അമുസ്‌ലിംകളെപ്പോലെ മരുമക്കത്തായ രീതിയാണ് പിന്തുടർന്നിരുന്നത് എന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഇസ്‌ലാമിനെ കുറിച്ച് അന്നത്തെ മുസ്‌ലിംകൾ പൊതുവെ വെച്ചുപുലർത്തിയ അജ്ഞതയുടെ ആഴമാണ് ഇത് വ്യക്തമാക്കുന്നത്. കൂടാതെ സ്വൂഫി ത്വരീഖത്തുകളുടെ പേരിലുള്ള, ഇസ്‌ലാമിന്റെ ആത്മാവിന് നിരക്കാത്ത ഒട്ടേറെ അന്ധവിശ്വാസങ്ങളും അക്കാലത്ത് മുസ്‌ലിംസമൂഹത്തിന്റെ മുഖമുദ്രയായി മാറിയിരുന്നു. ഇതിനൊക്കെയുള്ള ദൈവികശിക്ഷയാണ് പോർച്ചുഗീസ് അധിനിവേശം എന്ന് ശൈഖ് സൈനുദ്ദീൻ നിരീക്ഷിക്കുന്നുണ്ട്.

ഘോരവും തീക്ഷ്ണവുമായ വൈദേശികാക്രമണങ്ങളിലേക്ക് എടുത്തെറിയപ്പെട്ട സ്വസമുദായത്തിന്റെ ഇത്തരം ആന്തരിക ദൗർബല്യങ്ങളെ സൂക്ഷ്മമായി തിരിച്ചറിയുകയും അവയുടെ പരിഹാരത്തിന് സുചിന്തിതവും ക്രിയാത്മകവുമായ ആശയങ്ങളും പദ്ധതികളും സമർപ്പിച്ചുകൊണ്ട് വൈദേശികാധിനിവേശത്തെ ചെറുക്കാൻ ജനതയെ സമരസജ്ജരാക്കുകയും ചെയ്തു എന്നതാണ് മഖ്ദൂം ഒന്നാമനും രണ്ടാമനും കേരള മുസ്‌ലിം നവോത്ഥാനത്തിന്റെ ശിൽപികളുടെ നിരയിൽ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെടാൻ കാരണമായത്. സാമ്പ്രദായിക മതപണ്ഡിതന്മാരെ പോലെ ഇസ്‌ലാമിനെ അനുഷ്ഠാനങ്ങളിലും ആചാരങ്ങളിലും പരിമിതപ്പെടുത്തി ജീർണമായ സാമൂഹിക-രാഷ്ട്രീയ വ്യവസ്ഥക്ക് യാതൊരലോസരവും സൃഷ്ടിക്കാതെ അതിന്റെ സംരക്ഷകരായി കാലം കഴിക്കുകയായിരുന്നില്ല അവർ. മറിച്ച്, സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക മണ്ഡലങ്ങളിലെ ഇസ്‌ലാമിന്റെ ശരിയായ പ്രതിനിധാനത്തെക്കുറിച്ച കൃത്യവും കണിശവുമായ ധാരണയോടെ ജീർണമായ സാമൂഹിക വ്യവസ്ഥയെ നേരിടുക എന്ന വിപ്ലവകരമായ നിയോഗം സ്വയം നെഞ്ചിലേറ്റിയ പണ്ഡിതന്മാരായിരുന്നു മഖ്ദൂം ഒന്നാമനും രണ്ടാമനും.

### കുടുംബം, ജനനം, വിദ്യാഭ്യാസം

മഖ്ദൂം കുടുംബത്തിന്റെ വേരുകൾ അറേബ്യയിലാണ്. അവരുടെ കുടുംബവൃക്ഷത്തിന്റെ താഴ്‌വേരുകൾ ഒന്നാം ഖലീഫ അബൂബക്റിൽ സന്ധിക്കുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. തമിഴ്‌നാട്ടിലെ കൊറമാണ്ടൽ തീരത്താണ് ഈ കുടുംബം ആദ്യമായി കുടിയേറിയത്. കൊറമാണ്ടൽ തീരം സിലോണിലേക്ക് തുറക്കുന്ന കവാടമായതിനാൽ 'കടത്ത്' എന്നർഥമുള്ള 'മഅ്ബർ' എന്നാണ് അറബികൾ ഈ പ്രദേശത്തെ വിളിച്ചിരുന്നത്. അതിനാൽ സൈനുദ്ദീൻ മഖ്ദൂം ഒന്നാമന്റെ പൂർവികരെല്ലാം പേരിനോടൊപ്പം 'മഅ്ബരി' എന്ന് ചേർത്താണ് വിളിക്കപ്പെട്ടിരുന്നത്. തമിഴ്‌നാട്ടിലെ കീളക്കര, കായൽപട്ടണം, മധുര, തിരുച്ചിറപ്പള്ളി, നാഗൂർ എന്നിവിടങ്ങളിലെല്ലാം ഇസ്‌ലാം പ്രചരിപ്പിക്കുന്നതിൽ ഈ കുടുംബക്കാർ പ്രധാന പങ്കുവഹിച്ചതായി ചരിത്രം രേഖപ്പെടുത്തുന്നു.

സൈനുദ്ദീൻ മഖ്ദൂം ഒന്നാമന്റെ പിതാമഹനായ ശൈഖ് അഹ്മദ് മഅ്ബരി 15-ാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ കൊച്ചിയിലെ കൊച്ചങ്ങാടിയിൽ കുടിയേറി അവിടെ താമസമാക്കി. കൊച്ചിയിലെയും പരിസരത്തെയും മുസ്‌ലിംകൾക്ക് നേതൃത്വം നൽകാൻ നാട്ടുകാരുടെ പ്രത്യേക ക്ഷണപ്രകാരമാണ് അദ്ദേഹം തമിഴ്‌നാട്ടിൽനിന്ന് കേരളത്തിൽ കുടിയേറിയതെന്ന് കരുതപ്പെടുന്നു. ഇദ്ദേഹത്തിന്റെ മകനും ശൈഖ് സൈനുദ്ദീൻ ഒന്നാമന്റെ പിതൃവ്യനുമായ ശൈഖ് ഇബ്റാഹീം ഇബ്നു അഹ്മദ് മഅ്ബരിയാണ് ഈ കുടുംബത്തിൽനിന്ന് ആദ്യമായി പൊന്നാനിയിലെത്തിയത്. അദ്ദേഹം പൊന്നാനിക്കാരുടെ പ്രത്യേക ക്ഷണപ്രകാരം അവിടെ പോയി പൊന്നാനിയിലെ ഖാദിസ്ഥാനം ഏറ്റെടുക്കുകയായിരുന്നു.

മഖ്ദൂം കുടുംബം കൊച്ചിയിൽ താമസിക്കുമ്പോൾ ഹിജ്റ 871/ക്രി.വ. 1467-ലാണ് ശൈഖ് സൈനുദ്ദീൻ ഒന്നാമൻ ജനിക്കുന്നത്. സൈനുദ്ദീൻ ഇബ്നു അലി ഇബ്നു അഹ്മദ് അൽ മഅ്ബരി എന്നാണ് മുഴുവൻ പേര്. അബൂയഹ്‌യ എന്ന വിളിപ്പേര് കൂടി ഉണ്ടായിരുന്നു. ശാഫിഈ മദ്ഹബിലെ കിടയറ്റ പണ്ഡിതനായിരുന്നു പിതാവ് അലി ഇബ്നു അഹ്മദ്. അദ്ദേഹം നേരത്തേ മരണപ്പെട്ടതിനാൽ ബാലനായ സൈനുദ്ദീൻ പിതൃവ്യൻ ശൈഖ് ഇബ്റാഹീം മഅ്ബരിയുടെ സംരക്ഷണത്തിലാണ് വളർന്നത്. താമസം പൊന്നാനിയിലേക്ക് മാറിയപ്പോൾ സൈനുദ്ദീനെയും അദ്ദേഹം കൂടെക്കൂട്ടി. പൊന്നാനിയിൽ പിതൃവ്യൻ തന്നെയായിരുന്നു പ്രഥമ ഗുരുനാഥൻ. ചെറുപ്പത്തിലേ ഖുർആൻ മനഃപാഠമാക്കിയ അദ്ദേഹം അറബി വ്യാകരണം, ഫിഖ്ഹ് തുടങ്ങിയവ

യിലെ പ്രാഥമിക ഗ്രന്ഥങ്ങളെല്ലാം പൊന്നാനിയിൽ വെച്ചുതന്നെ പഠിച്ചു. അനന്തരം കോഴിക്കോട്ടെ ഖാദിയായിരുന്ന അബൂബക്കർ ഫഖ്റുദ്ദീൻ ഇബ്നു ഖാദി റമദാൻ ശാലിയാത്തിയുടെ കൂടെ താമസിച്ച് ഏഴു വർഷത്തോളം വിവിധ ഇസ്ലാമിക വിഷയങ്ങൾ പഠിച്ചു. ശേഷം ഉപരിപഠനത്തിനായി അറേബ്യയിലേക്കു പോയി. മക്കാ ഹറമിലെ വിഖ്യാത പണ്ഡിതന്മാരിൽനിന്ന് നേരിട്ട് ലഭിച്ച വിദ്യാഭ്യാസത്തിനു പുറമെ മക്കയിൽ പതിവു സന്ദർശകരായിരുന്ന വിശ്രുതരായ ധാരാളം പണ്ഡിതന്മാരുമായി ബന്ധം സ്ഥാപിക്കാനും അവരുമായി വൈജ്ഞാനിക ചർച്ചകളിൽ ഏർപ്പെടാനും അവസരം ലഭിച്ചത് അദ്ദേഹത്തിന്റെ വൈജ്ഞാനിക ചക്രവാളത്തെ വികസിപ്പിക്കുകയുണ്ടായി. ഇമാം ജലാലുദ്ദീൻ സുയൂത്വി, സയ്യിദ് അബൂബക്കർ ഹദ്റമി, സയ്യിദ് ഹുസൈൻ ഹൈദറൂസി, ഇമാം അഹ്മദുബ്നു ശംസുദ്ദീൻ തുടങ്ങിയവർ ഹറമിലെ താമസക്കാലത്ത് അദ്ദേഹം ബന്ധം സ്ഥാപിച്ച പ്രധാനികളിൽ പെടുന്നു. ഇമാം നൂറുദ്ദീൻ മഹല്ലി, കമാലുദ്ദീൻ ദിമശ്ഖി, ശിഹാബുദ്ദീൻ ഹിംസ്വി തുടങ്ങിയവർ അദ്ദേഹത്തിന്റെ സഹപാഠികളായിരുന്നു.

പക്ഷേ ഹറമിലെ പഠനവും അദ്ദേഹത്തിന്റെ വിജ്ഞാനതൃഷ്ണയെ പൂർണമായി ശമിപ്പിക്കാൻ പര്യാപ്തമായിരുന്നില്ല. അതിനാൽ തുടർപഠനത്തിനായി അദ്ദേഹം ഈജിപ്തിലേക്ക് തിരിച്ചു. ഈജിപ്തിലെ പ്രശസ്തമായ അൽ അസ്ഹർ സർവകലാശാലയായിരുന്നു ലക്ഷ്യം. ശൈഖ് സൈനുദ്ദീനു മുമ്പ് കേരളത്തിൽനിന്ന് ആരും അസ്ഹർ സർവകലാശാലയിൽ ഉപരിപഠനം നടത്തിയതായി അറിവില്ല. അൽ അസ്ഹറിൽ ചേർന്ന അദ്ദേഹം ഹദീസ് പഠനത്തിലാണ് ശ്രദ്ധ പതിപ്പിച്ചത്. ബഗ്ദാദിന്റെ തകർച്ചയെ തുടർന്നുണ്ടായ വൈജ്ഞാനിക-ചിന്താരംഗത്തെ മുരടിപ്പ് കാരണം ഇസ്ലാമികലോകത്തെ മിക്ക കലാലയങ്ങളിലും മതപഠനം ഫിഖ്ഹ് പഠനമായി പരിമിതപ്പെട്ടുപോയ പശ്ചാത്തലത്തിൽ അസ്ഹർ സർവകലാശാല ഹദീസ് പഠനത്തിനു നൽകിയ മുന്തിയ പരിഗണനയാണ് വിജ്ഞാനദാഹിയായ ശൈഖ് സൈനുദ്ദീനെ അങ്ങോട്ട് ആകർഷിച്ചത്. അക്കാലത്തെ വിഖ്യാത ഹദീസ് പണ്ഡിതനായ ഖാദി അബ്ദുർറഹ്മാൻ മിസ്രിയായിരുന്നു പ്രധാന ഗുരുനാഥൻ. ഹദീസ് പഠനത്തോടൊപ്പം ഹദീസ് നിവേദനം ചെയ്യാനുള്ള ഇജാസ(അനുവാദം)യും ഗുരുനാഥനിൽനിന്ന് നേടിയെടുത്തു. അഞ്ചു വർഷത്തോളം ഈജിപ്തിൽ കഴിച്ചുകൂട്ടിയ അദ്ദേഹം ശൈഖ് ശംസുദ്ദീൻ മുഹമ്മദ് ജൗജരി, ശൈഖ് സകരിയ്യൽ അൻസാരി, ശൈഖ് കമാലുദ്ദീൻ മുഹമ്മദുബ്നു അബീശരീഫ് തുടങ്ങിയവരിൽനിന്ന് കൂടി ഹദീസ് നിവേദനത്തിനുള്ള അനുവാദം നേടിയെടുത്തിരുന്നു.

വിജ്ഞാനം കൊണ്ട് മാത്രം, കലുഷവും സംഘർഷഭരിതവുമായ സാമൂഹിക-രാഷ്ട്രീയ സാഹചര്യത്തെ നേരിട്ടുകൊണ്ട് വിപ്ലവകരമായ സാമൂഹികദൗത്യം നിർവഹിക്കാൻ ഒരു പണ്ഡിതന്നും സാധ്യമല്ല. അതിന് ജീവിതവിശുദ്ധി കൂടിയേ തീരൂ എന്നതിനെ കുറിച്ച് ഉറച്ച ബോധ്യമുണ്ടായിരുന്ന ശൈഖ് സൈനുദ്ദീന്റെ അടുത്ത അന്വേഷണം തസ്വവ്വുഫിലായത് സ്വാഭാവികം. രാജവാഴ്ചയുടെ അനിവാര്യ തിന്മകളായ അധികാര മാത്സര്യവും ജീവിതാസക്തിയും മുസ്ലിം പൊതുബോധത്തെ ദുഷിപ്പിച്ചുകൊണ്ടിരുന്ന സവിശേഷ ചരിത്രഘട്ടത്തിൽ ഭരണവർഗ രാഷ്ട്രീയത്തിനും അവരുൽപാദിപ്പിക്കുന്ന സംസ്കാരത്തിനുമെതിരെ പ്രതിരോധത്തിന്റെ ജനപക്ഷ രാഷ്ട്രീയവും പ്രതിസംസ്കാരവും മുസ്ലിം പൊതുബോധത്തിൽ വളർത്തിയെടുത്ത് മുസ്ലിം ഉമ്മത്തിനെ സക്രിയമായി നിർത്തിയതിൽ ശൈഖ് ഹസൻ ബസ്വരിയെയും ശൈഖ് അബ്ദുൽ ഖാദിർ ജീലാനിയെയും പോലുള്ള സ്വൂഫിപണ്ഡിതന്മാർ വഹിച്ച പങ്ക് അനിഷേധ്യമായ ചരിത്ര വസ്തുതയാണ്. പിൽക്കാലത്ത് സ്വൂഫിസത്തെയും വളരെയധികം ജീർണതകൾ ബാധിച്ചുവെങ്കിലും ജീർണത താരതമ്യേന കുറഞ്ഞ ഖാദിരിയ്യാ സരണിയാണ് ശൈഖ് സൈനുദ്ദീനെ ആകർഷിച്ചത്. ഖാദിരിയ്യാ ത്വരീഖത്തിന് നല്ല സ്വാധീനമുണ്ടായിരുന്ന ഈജിപ്തിൽ വെച്ചുതന്നെയാണ് അദ്ദേഹത്തിനു മുമ്പിൽ തസ്വവ്വുഫിന്റെ ആധ്യാത്മിക ലോകം തുറക്കപ്പെടുന്നത്. തസ്വവ്വുഫിന്റെ ഗുരുക്കന്മാരിൽനിന്ന് ബൈഅത്ത് സ്വീകരിച്ചിരുന്നുവെങ്കിലും ശരീഅത്തിനെ അവഗണിച്ചുകൊണ്ടുള്ള ഒരു സ്വൂഫിപാത അദ്ദേഹത്തിന് അന്യമായിരുന്നു. മാത്രമല്ല, ശരീഅത്തിനെ അഗണ്യകോടിയിൽ തള്ളി സമൂഹത്തിൽ അന്ധവിശ്വാസം പ്രചരിപ്പിച്ചിരുന്ന സ്വൂഫിശൈഖുമാരെയും അവരുടെ ത്വരീഖത്തുകളെയും *അദ്കിയാ* എന്ന ഗ്രന്ഥത്തിൽ അദ്ദേഹം നിശിതമായി വിമർശിക്കുകയും ചെയ്തിട്ടുണ്ട്. ശൈഖ് സൈനുദ്ദീനെ സംബന്ധിച്ചേടത്തോളം തസ്വവ്വുഫ് ജീവിതത്തിൽനിന്ന് ഒളിച്ചോടിക്കൊണ്ടുള്ള ജ്ഞാനാന്വേഷണമോ ആത്മീയ സായൂജ്യമടയലോ ആയിരുന്നില്ല. മറിച്ച്, സാമൂഹിക ഇടപെടലിന് കരുത്ത് നൽകുന്ന പലതരം ഉപാധികളിൽ ഒന്നു മാത്രമായിരുന്നു.

## വൈജ്ഞാനിക നവോത്ഥാനം

വൈജ്ഞാനികമായും ആത്മീയമായും നവീകരിക്കപ്പെട്ട, തീർത്തും പുതിയൊരു മനുഷ്യനായാണ് ശൈഖ് സൈനുദ്ദീൻ കേരളത്തിൽ തിരിച്ചെത്തിയത്. പോർച്ചുഗീസ് കൊളോണിയലിസത്തിന്റെ കടന്നാക്രമണം മൂലം കേരളത്തിലെ മുസ്ലിംസമൂഹം സ്വത്വപ്രതിസന്ധിയെ മുഖാമുഖം കണ്ട ചരിത്രസന്ദർഭത്തിലാണ് അദ്ദേഹം ഉപരിപഠനം കഴിഞ്ഞ് പൊന്നാനിയിൽ തിരിച്ചെത്തുന്നത്. മുസ്ലിംകൾ നേരിട്ട ഈ സ്വത്വപ്രതിസന്ധിയുടെ ബാഹ്യ കാരണം എത്രതന്നെ പ്രാധാന്യമുള്ളതാണെങ്കിലും, അതിന്റെ ആന്തരികകാരണങ്ങളും ഒട്ടും അവഗണിച്ചുകൂടെന്ന കാര്യം ഇസ്ലാമിക സ്വത്വത്തെക്കുറിച്ച് ഉൾക്കാഴ്ചയുണ്ടായിരുന്ന ശൈഖ് സൈനുദ്ദീന് തിരിച്ചറിയാൻ പ്രയാസമുണ്ടായിരുന്നില്ല. അതിനാൽ പോർച്ചുഗീസ് ആക്രമണത്തെ ചെറുക്കാൻ തന്റെ ജനതയെ സമരസജ്ജമാക്കുന്നതിനു മുമ്പ് അവരെ ആന്തരികമായി ശാക്തീകരിക്കാനും ജീർണതകളിൽനിന്ന് പരിഷ്കരിക്കാനുമുള്ള പദ്ധതികളെക്കുറിച്ചാണ് അദ്ദേഹം ഗൗരവത്തോടെ ചിന്തിച്ചത്. വൈജ്ഞാനിക കരുത്താണ് ഏതൊരു സമൂഹത്തിന്റെയും രാഷ്ട്രീയ അതിജീവനത്തിനും പരിഷ്കരണത്തിനുമുള്ള ഫലപ്രദമായ ഉപാധിയെന്ന കാര്യത്തിൽ തർക്കമില്ല. ഈ വീക്ഷണകോണിലൂടെ നോക്കിയപ്പോൾ ശൈഖ് സൈനുദ്ദീൻ ദർശിച്ച മുസ്ലിംകേരളത്തിന്റെ ചിത്രം ഏറെ ദയനീയവും ഞെട്ടിക്കുന്നതുമായിരുന്നു. ഉയർന്ന വിജ്ഞാനതൽപരതയും സാംസ്കാരിക പ്രബുദ്ധതയും കൈമുതലായ മുസ്ലിംകൾ, തങ്ങൾക്ക് രാഷ്ട്രീയ മേധാവിത്വമുണ്ടായിരുന്ന പ്രദേശങ്ങളിലെല്ലാം വിദ്യാഭ്യാസകേന്ദ്രങ്ങളും ഗ്രന്ഥാലയങ്ങളും പടുത്തുയർത്താൻ പ്രത്യേകം താൽപര്യം പുലർത്തിയിരുന്നു. എന്നാൽ രാഷ്ട്രീയ മേൽക്കോയ്മ ഇല്ലാത്ത കേരളം ഇതിനൊരപവാദമായിരുന്നു. ഇവിടെ തീരപ്രദേശങ്ങളിലുടനീളം പള്ളികളുണ്ടായിരുന്നുവെങ്കിലും പതിനഞ്ചാം നൂറ്റാണ്ടിനു മുമ്പ് വ്യവസ്ഥാപിതമായി മതപാഠശാലകളോ മദ്റസകളോ സ്ഥാപിക്കപ്പെട്ടതായി ഇബ്നു ബത്ത്വൂത്ത്വ അടക്കം കേരളം സന്ദർശിച്ച സഞ്ചാരികളാരും രേഖപ്പെടുത്തിയതായി കാണുന്നില്ല. കോഴിക്കോട്ടെയും താനൂരിലെയും പള്ളികൾ കേന്ദ്രീകരിച്ച് നടന്നിരുന്ന ചെറിയ തോതിലുള്ള ദർസുകളെ വിസ്മരിച്ചുകൊണ്ടല്ല ഇത് പറയുന്നത്. എന്നാൽ അതൊന്നും ഈജിപ്തിലോ ബഗ്ദാദിലോ ഇന്ത്യയിൽ മുസ്ലിം ഭരണം നിലനിന്ന ദൽഹി, മുൾത്താൻ തുടങ്ങിയ പ്രദേശങ്ങളിലോ ഉണ്ടായിരുന്ന പാഠശാലകൾക്കൊപ്പം നിൽക്കുന്നവയായിരുന്നില്ല. അതിനാൽ കേരള മുസ്ലിംകൾ അഭിമുഖീകരിച്ച സ്വത്വപ്രതിസന്ധിയുടെ മർമം മനസ്സിലാക്കിയ ശൈഖ് സൈനുദ്ദീൻ തലമുറകളെ

വൈജ്ഞാനികമായി ശാക്തീകരിക്കാൻ ഉതകുന്ന ഒരു സംരംഭത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കുകയും പൊന്നാനിയിലെ പ്രമുഖരുമായി കൂടിയാലോചിച്ച് അവിടെ ഒരു ജുമുഅത്ത് പള്ളി സ്ഥാപിക്കുകയും പള്ളി കേന്ദ്രീകരിച്ച് വ്യവസ്ഥാപിതമായ പഠനത്തിന് സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. കേരളത്തിൽ വൈജ്ഞാനിക നവോത്ഥാനത്തിന് തിരികൊളുത്തിയ പള്ളിദർസ് സംവിധാനത്തിന്റെ തുടക്കമായിരുന്നു അത്. യഥാർഥത്തിൽ പൊന്നാനി ചരിത്രത്തിൽ സ്ഥാനം പിടിക്കുന്നതുതന്നെ അവിടത്തെ ജുമുഅത്ത് പള്ളിയിൽ ഈ ദർസ് സമ്പ്രദായം ആരംഭിച്ചതോടെയാണ്. 14-ാം നൂറ്റാണ്ടിൽ കേരളം സന്ദർശിച്ച ഇബ്നു ബത്തൂത്ത പൊന്നാനിയെ കുറിച്ച് യാതൊരു സൂചനയും നൽകാത്തതിൽനിന്നുതന്നെ അക്കാലം വരെ പൊന്നാനിക്ക് ചരിത്രപ്രാധാന്യമൊന്നും ഉണ്ടായിരുന്നില്ല എന്നാണല്ലോ മനസ്സിലാകുന്നത്. മഖ്ദൂം എന്ന സ്ഥാനപ്പേര് ആദ്യമായി ലഭിച്ചതും ശൈഖ് സൈനുദ്ദീൻ ഒന്നാമനാണ്. അദ്ദേഹത്തിനു മുമ്പ് പൊന്നാനിയിൽ കുടിയേറിയ ശൈഖ് ഇബ്റാഹീമോ കൊച്ചിയിൽ കുടിയേറിയ ശൈഖ് അഹ്മദോ മഖ്ദൂം എന്ന സ്ഥാനപ്പേരിൽ അറിയപ്പെട്ടിരുന്നില്ല. അവരെല്ലാം തങ്ങളുടെ പൂർവവാസസ്ഥലത്തെ സൂചിപ്പിക്കുന്ന മഅ്ബരി എന്ന പേരിലാണ് അറിയപ്പെട്ടത് എന്ന് നേരത്തേ സൂചിപ്പിച്ചിട്ടുണ്ട്. സൈനുദ്ദീൻ ഒന്നാമന്റെ സാമൂഹിക, രാഷ്ട്രീയ, വൈജ്ഞാനിക പ്രവർത്തനങ്ങൾ കാരണം നാട്ടുകാർ നൽകിയ സ്ഥാനപ്പേരാണ് മഖ്ദൂം എന്നാണ് പൊന്നാനിയുടെ ചരിത്രകാരൻ പ്രഫ. അബ്ദുർറഹ്മാന്റെ നിഗമനം. വിജ്ഞാനതൽപരരായ ആർക്കും ചേർന്നു പഠിക്കാവുന്ന തരത്തിൽ എല്ലാവരുടെയും മുമ്പിൽ മലർക്കെ തുറക്കപ്പെട്ടതായിരുന്നു അദ്ദേഹം സ്ഥാപിച്ച ദർസിന്റെ കവാടം. അറിവിന്റെ ജനാധിപത്യവത്കരണമാണ് യഥാർഥത്തിൽ ഇതിലൂടെ സംഭവിച്ചത്. അറിവധികാരം ബ്രാഹ്മണ കോവിലകങ്ങളിലും ക്ഷേത്ര അകത്തളങ്ങളിലും ഒട്ടും ഒഴുകാൻ അനുവദിക്കാതെ തടഞ്ഞുവെക്കപ്പെട്ട കേരളീയ സാമൂഹികപരിസരത്തിൽ നിന്നാണ് ശൈഖ് സൈനുദ്ദീൻ ഏതാക്രമണത്തെയും ചെറുക്കാനുള്ള ഫലപ്രദമായ ആയുധമായ അറിവിനെ ഇപ്രകാരം സമൂഹത്തിലേക്ക് തുറന്നുവിടുന്നത്. കേരളീയരെ സംബന്ധിച്ചേടത്തോളം അത് നവീനമായ ഒരനുഭവം തന്നെയായിരുന്നു. മതപരമെന്നോ ഭൗതികമെന്നോ ഉള്ള വേർതിരിവ് ശൈഖ് സൈനുദ്ദീൻ ആവിഷ്കരിച്ച പാഠ്യപദ്ധതിയിലുണ്ടായിരുന്നില്ല. അക്കാലത്ത് ഇസ്ലാമികലോകത്ത് പ്രചാരത്തിലുള്ള എല്ലാ ശാസ്ത്രങ്ങളും തത്ത്വചിന്തകളും ഖുർആനിന്റെയും ഹദീസിന്റെയും പ്രാധാന്യത്തോടെ അവിടെ പഠിപ്പിക്കപ്പെട്ടു. പൊന്നാനിയിലെ പ്രശസ്തമായ 'വിളക്കത്തിരിക്കൽ' സമ്പ്രദായത്തിന് തുടക്കം കുറിച്ചതും ഇദ്ദേഹമാണ്. ഒരു പ്രത്യേക തരം വിളക്കിന്റെ കീഴിലിരുന്നുള്ള പഠനമാണ് 'വിളക്കത്തിരിക്കൽ' എന്നറിയപ്പെട്ടത്. പിൽക്കാലത്ത് ഇതു കേവലം ചടങ്ങായി പരിമിതപ്പെട്ടുവെങ്കിലും ശൈഖ് സൈനുദ്ദീൻ ആവിഷ്കരിച്ച വിളക്കത്തിരിക്കൽ സമ്പ്രദായം യഥാർഥത്തിൽ ഉപരിപഠനമായിരുന്നു. ഉന്നത വിദ്യാഭ്യാസം ആഗ്രഹിക്കുന്ന വിദ്യാർഥികൾ മാത്രമേ ഇപ്രകാരം വിളക്കത്തിരുന്ന് പഠിച്ചിരുന്നുള്ളൂ. ഇതിലൂടെ കടന്നുപോകുന്ന വിദ്യാർഥി കിടയറ്റ പണ്ഡിതനായി സമൂഹത്തിൽ അംഗീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തു.

പൊന്നാനിയിൽ ഈ ദർസ് ആരംഭിക്കുമ്പോൾ അദ്ദേഹത്തിന് മുമ്പിലുണ്ടായിരുന്ന മാതൃക താൻ പഠിച്ച ഈജിപ്തിലെ അസ്ഹർ സർവകലാശാലയായിരുന്നു. അൽ അസ്ഹറിന്റെയും തുടക്കം ഒരു പള്ളിയായിരുന്നുവല്ലോ. അതിനാൽ താൻ സ്ഥാപിക്കുന്ന ഈ ദർസും ഭാവിയിൽ ഒരു സർവകലാശാലയായി മാറണമെന്നത് ശൈഖ് സൈനുദ്ദീന്റെ സ്വപ്നമായിരിക്കാൻ സാധ്യതയുണ്ട്. അദ്ദേഹത്തിന്റെ കാലത്തോ അതിനു ശേഷമോ ആ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടില്ലെങ്കിലും കേരള മുസ്ലിംകളുടെ വൈജ്ഞാനിക നവോത്ഥാനചരിത്രത്തിൽ ആദ്യമായി കുറിക്കപ്പെടേണ്ട നാമം ഈ പള്ളി ദർസിന്റേതാകണമെന്ന കാര്യത്തിൽ സംശയമില്ല. അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ കേരളത്തിന് അകത്തും പുറത്തും ഈ ദർസ് പ്രശസ്തമായിരുന്നു. സിലോൺ, മാലദ്വീപ്, സുമാത്ര, ജാവ തുടങ്ങിയ വിദൂരദേശങ്ങളിൽനിന്ന് അക്കാലത്തുതന്നെ വിദ്യാർഥികൾ ഇവിടെ വന്ന് പഠിച്ചുപോയിരുന്നതായി പൊന്നാനിയുടെ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

## സാമൂഹിക മേഖലയിൽ

ശൈഖ് സൈനുദ്ദീന്റെ പ്രവർത്തനം ഈ ദർസിൽ ഒതുങ്ങിനിന്നിരുന്നില്ല. അദ്ദേഹം ലക്ഷ്യം വെച്ച ബഹുമുഖമായ സാമൂഹിക-രാഷ്ട്രീയ പരിവർത്തനത്തിന്റെ സുപ്രധാന അടിത്തറയെന്ന നിലക്കാണ് അദ്ദേഹത്തിന്റെ വൈജ്ഞാനിക സംരംഭത്തെ വിലയിരുത്തുകയും പഠിക്കുകയും ചെയ്യേണ്ടത്. അന്യ സംസ്കാരങ്ങളുമായും ജീവിതരീതികളുമായുള്ള കൂടിച്ചേരലും വ്യവസ്ഥാപിത മതപഠനത്തിന്റെ അഭാവവും കാരണം ഇസ്ലാമികസ്വത്വത്തെക്കുറിച്ച ശരിയായ ധാരണ നഷ്ടപ്പെട്ട മുസ്ലിം ബഹുജനങ്ങളിൽ പലതരം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പ്രചരിച്ചിരുന്നു. ശരീഅത്തിന് യാതൊരു വിലയും കൽപിക്കാത്ത സ്വൂഫി ത്വരീഖത്തുകളുടെ പ്രചാരം ഈ അവസ്ഥയെ കൂടുതൽ വഷളാക്കുകയും ചെയ്തു. മറുഭാഗത്ത് സാമ്പത്തിക സുസ്ഥിതി മുസ്ലിം ബഹുജനങ്ങളിൽ വലിയൊരു വിഭാഗത്തെ ധർമനിഷ്ഠമായ ജീവിതരീതികളിൽനിന്നും പരലോകചിന്തയിൽനിന്നും അകറ്റി ഭൗതികമാത്ര ജീവിതം നയിക്കുന്നവരാക്കി മാറ്റിത്തീർക്കുകയും ചെയ്തിരുന്നു. മുസ്ലിംസ്വത്വത്തെക്കുറിച്ച് ഉത്കണ്ഠയുള്ള ഒരു പരിഷ്കർത്താവിനെ സംബന്ധിച്ചേടത്തോളം, വിദേശാക്രമണ ഭീഷണി നിലനിൽക്കെ വിശേഷിച്ചും അടങ്ങിയിരിക്കാൻ കഴിയുന്ന സ്ഥിതിവിശേഷമായിരുന്നില്ല ഇത്. അതിനാൽ ശക്തമായ ബോധവത്കരണവുമായി അദ്ദേഹം ബഹുജനങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെന്നു. ശരീഅത്തിനെ അവഗണിച്ചുകൊണ്ട് സമൂഹത്തിൽ അന്ധവിശ്വാസം പ്രചരിപ്പിച്ചിരുന്ന സ്വൂഫികളെ അദ്ദേഹം വെറുതെ വിട്ടില്ല. ഭൗതികപ്രമത്തതയിൽനിന്ന് ജനങ്ങളെ രക്ഷിക്കാൻ പരലോകചിന്തയും ഭൗതികവിരക്തിയും ഉണർത്തുന്ന ഉദ്ബോധനങ്ങളാണ് അദ്ദേഹം ആയുധമാക്കിയത്. ജീവിതവിശുദ്ധിയോ പരലോകചിന്തയോ ഇല്ലാത്ത ഒരു ജനതക്ക് വൈദേശികാക്രമണത്തെ ചെറുത്തുനിൽക്കുന്നതു പോയിട്ട് പിടിച്ചുനിൽക്കാൻ പോലും കഴിയില്ലെന്ന് അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു. ഭൗതികതയുടെ പ്രലോഭനങ്ങളിൽപെട്ട് പോർച്ചുഗീസ് അധിനിവേശത്തിന്റെ തുടക്കത്തിൽ മുസ്ലിംകളിൽനിന്നുതന്നെ ചിലർ അവരുമായി സഹകരിച്ചുകൊണ്ടിരുന്നതിന് ശൈഖ് സൈനുദ്ദീൻ സാക്ഷിയായിരുന്നു. അതിനാൽ പരലോകചിന്തയും ഭൗതികവിരക്തിയും ഉണർത്തുന്ന അദ്ദേഹത്തിന്റെ ഉദ്ബോധനങ്ങൾക്കും എഴുത്തുകൾക്കും അധിനിവേശവിരുദ്ധ പോരാട്ടത്തിന് ജനതയെ സജ്ജമാക്കുക എന്ന രാഷ്ട്രീയലക്ഷ്യം കൂടിയുണ്ടായിരുന്നു.

ഇസ്ലാമിക പ്രബോധനത്തിന്റെ പ്രാധാന്യം ശൈഖ് സൈനുദ്ദീൻ സ്വസമുദായത്തെ ബോധ്യപ്പെടുത്തുകയും അതിനായി അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഇസ്ലാമിനെ അതിന്റെ തനതും സമ്പൂർണവുമായ രൂപത്തിൽ അദ്ദേഹം തന്റെ ജീവിതത്തിലൂടെ ആവിഷ്കരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ധർമനിഷ്ഠമായ ജീവിതത്തിലും ജീവിതവിശുദ്ധിയിലും ആകൃഷ്ടരായി ധാരാളം അമുസ്ലിംകൾ ഇസ്ലാം സ്വീകരിക്കുകയുണ്ടായി. ജാതിമതഭേദമന്യേ ദുർബലരോടും പാവങ്ങളോടും അദ്ദേഹം വളരെയ

ധികം സഹാനുഭൂതി പുലർത്തി.

## രാഷ്ട്രീയ രംഗത്ത്

പോർച്ചുഗീസ് കൊളോണിയലിസത്തിന്റെ സാമ്പത്തികവും സാംസ്കാരികവുമായ മുഖങ്ങളുള്ള അധിനിവേശ രാഷ്ട്രീയത്തെയാണ് അദ്ദേഹം അഭിമുഖീകരിച്ചത്. കേരള മുസ്‌ലിംകൾക്കു മുമ്പ് സ്പാനിഷ് മുസ്‌ലിംകൾ പാശ്ചാത്യ കൊളോണിയലിസത്തെ അഭിമുഖീകരിച്ചിരുന്നുവെങ്കിലും സ്പെയിനിൽനിന്ന് പല നിലക്കും വ്യത്യസ്തമായിരുന്നു കേരളത്തിലെ അവസ്ഥ. സ്പെയിനിൽ കൊളോണിയൽ ആക്രമണം നടക്കുമ്പോൾ മുസ്‌ലിംകൾ ഭരണവർഗമായിരുന്നു. എന്നാൽ കേരളത്തിൽ പോർച്ചുഗീസ് ആക്രമണം അരങ്ങേറുമ്പോൾ മുസ്‌ലിംകൾക്ക് ഇവിടെ രാഷ്ട്രീയ മേൽക്കോയ്മ ഉണ്ടായിരുന്നില്ല. സാമൂതിരിയെന്ന തദ്ദേശീയ അധികാരകേന്ദ്രത്തിനു കീഴിൽ പരിമിതമായ സ്വയംഭരണമുള്ള പ്രജകൾ മാത്രമായിരുന്നു അവർ. എന്നിട്ടും പോർച്ചുഗീസ് ആക്രമണത്തിന്റെ പ്രധാന ഇരയും ലക്ഷ്യവും കേരള മുസ്‌ലിംകളായതിനു പിന്നിൽ പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവും സാമ്പത്തികവുമായ ഒട്ടേറെ കാരണങ്ങളുണ്ട്. പോർച്ചുഗീസുകാർ മലബാറിലെത്തുമ്പോൾ കടൽവ്യാപാരം പൂർണമായും നിയന്ത്രിച്ചിരുന്നത് തദ്ദേശീയരും വിദേശികളുമായ മുസ്‌ലിംകളായിരുന്നുവല്ലോ. തദ്ദേശീയരെ ചൂഷണം ചെയ്യാതെ അവർക്ക് നേട്ടമുണ്ടാകുന്ന വിധത്തിലുള്ള സത്യസന്ധമായ കച്ചവടത്തിലൂടെ നേടിയെടുത്ത ഈ വ്യാപാരമേൽക്കോയ്മ തകർത്തുകൊണ്ടല്ലാതെ ചൂഷണത്തിലും വിഭവക്കൊള്ളയിലും അധിഷ്ഠിതമായ തങ്ങളുടെ കച്ചവടം വേരുപിടിക്കുകയില്ലെന്ന് പോർച്ചുഗീസുകാർ തുടക്കത്തിലേ മനസ്സിലാക്കിയിരുന്നു. പോരാത്തതിന് കുരിശുയുദ്ധത്തിന്റെ ചരിത്രാനുഭവം പകർന്നുനൽകിയ ഇസ്‌ലാം വിദ്വേഷം യൂറോപ്പിൽ ഏറ്റവും കൂടുതലുണ്ടായിരുന്നത് പറങ്കികളിലായിരുന്നുവെന്നതും വസ്തുതയാണ്. അതിനാൽ ചരിത്രത്തിൽ സമാനതകളേറെയില്ലാത്ത അത്യന്തം ഭീകരമായ ആക്രമണങ്ങളാണ് പോർച്ചുഗീസുകാർ മുസ്‌ലിംകൾക്കെതിരെ അഴിച്ചുവിട്ടത്. അവരുടെ സമ്പത്തും ജീവനും സംസ്കാരവുമെല്ലാം ശക്തിയായി വെല്ലുവിളിക്കപ്പെട്ടു. മുസ്‌ലിംകൾ ഇപ്രകാരം ഒറ്റതിരിച്ച് ആക്രമിക്കപ്പെട്ടിട്ടും പോർച്ചുഗീസ് അധിനിവേശത്തെ മുസ്‌ലിംകളുടെ മാത്രം പ്രശ്നമായി കാണുന്നതിനു പകരം കേരളസമൂഹത്തെ മൊത്തം ബാധിക്കുന്ന പ്രശ്നമായി കണ്ട് അതിനെ ജാതി, മത പരിഗണനകൾക്കതീതമായി എല്ലാവരുടെയും സഹകരണത്തോടെ ചെറുക്കുന്ന ഒരു രാഷ്ട്രീയാന്തരീക്ഷം മുസ്‌ലിംകളുടെ മുൻകൈയിൽ രൂപപ്പെട്ടുവെന്നതാണ് അക്കാലത്തെ കേരള സാമൂഹികാവസ്ഥയുടെ ഒരു പ്രധാന സവിശേഷത. ഈയൊരന്തരീക്ഷം രൂപപ്പെടുന്നതിന് സഹായകമാവുംവിധം പ്രത്യയശാസ്ത്ര പരിസരവും സാംസ്കാരിക ഭൂമികയും ബോധപൂർവം സൃഷ്ടിച്ചുവെന്നതാണ് കൊളോണിയൽവിരുദ്ധ രാഷ്ട്രീയത്തിന് ശൈഖ് സൈനുദ്ദീൻ നൽകിയ ശ്രദ്ധേയവും സമാനസാഹചര്യങ്ങളിൽ എക്കാലത്തും പ്രസക്തവുമായ സംഭാവന. കൊളോണിയലിസം അക്രമവും അനീതിയും അധീശത്വവുമായതിനാൽ അതിനെതിരെ ജിഹാദ് ചെയ്യേണ്ടത് മുസ്‌ലിംകളുടെ ഒഴിച്ചുകൂടാനാവാത്ത മതബാധ്യതയാണെങ്കിലും അത് ചെയ്യേണ്ടത് മുസ്‌ലിംകൾ ഒറ്റക്കല്ല മറിച്ച്, കൊളോണിയലിസത്തിന്റെ ഇരകളാകുന്ന എല്ലാ ജാതി, മത വിഭാഗങ്ങളുടെയും സഹകരണത്തോടെയാണ് എന്ന പ്രായോഗിക നിലപാടാണ് അദ്ദേഹം ഇക്കാര്യത്തിൽ ഉയർത്തിപ്പിടിച്ചത്. മുസ്‌ലിംകൾ മനുഷ്യരാശിക്കു വേണ്ടി നന്മ കൽപിക്കുകയും തിന്മ വിലക്കുകയും ചെയ്യേണ്ട ഉത്തമ സമുദായമാണ് എന്ന ഖുർആനിക പരികൽപനയാണ് ഇത്തരമൊരു പ്രായോഗിക നിലപാട് ഉയർത്തിപ്പിടിക്കാൻ അദ്ദേഹത്തിന് പിൻബലമായത്. സാമൂതിരിയുടെ കീഴിൽ അണിനിരന്ന് പറങ്കികൾക്കെതിരെ ജിഹാദിന് സജ്ജമാകണമെന്ന് കേരളത്തിലെ മഹല്ലുകൾ തോറും സഞ്ചരിച്ച് അദ്ദേഹം മുസ്‌ലിംകളെ ആഹ്വാനം ചെയ്തു. *തഹ്‌രീദ്* എന്ന സമരകാവ്യം രചിച്ച് കൊളോണിയലിസത്തിനെതിരെ താൻ സ്വീകരിച്ച പ്രായോഗിക നിലപാടിന് അദ്ദേഹം പ്രത്യയശാസ്ത്ര സാധൂകരണം നൽകുകയും ചെയ്തു. *തഹ്‌രീദു അഹ്‌ലിൽ ഈമാൻ അലാ ജിഹാദി അബദതിസ്സുൽബാൻ* എന്നാണ് അറബിയിലുള്ള ഗ്രന്ഥത്തിന്റെ മുഴുവൻ പേര്. ഈ കൃതിയുടെ രണ്ട് പ്രധാന സവിശേഷതകളാണ് ഇതിനെ എക്കാലത്തും പ്രസക്തമാക്കുന്നത്: ഒന്ന്, *തഹ്‌രീദി*ലെ ജിഹാദ് ആഹ്വാനം നേതൃത്വമോ ആസൂത്രിതമായ പദ്ധതികളോ ഇല്ലാത്ത കേവല ആൾക്കൂട്ടത്തോടായിരുന്നില്ല. മറിച്ച്, സാമൂതിരി നേതൃത്വം നൽകിയ ഭരണപരവും സൈനികവുമായ സംവിധാനത്തിന്റെ ഭാഗമായിക്കൊണ്ട് പോർച്ചുഗീസുകാർക്കെതിരെ ജിഹാദ് ചെയ്യാനാണ് കൃതി ആഹ്വാനം ചെയ്തത്. അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം ജിഹാദ് വ്യക്തികളുടെ കേവല വൈകാരിക എടുത്തുചാട്ടമായിരുന്നില്ലെന്നും സുചിന്തിതവും ആസൂത്രിതവുമായ ഒരു രാഷ്ട്രീയ-സൈനിക പദ്ധതിയായിരുന്നുവെന്നുമാണ് ഇത് സൂചിപ്പിക്കുന്നത്. *തഹ്‌രീദി*ന്റെ സമരാഹ്വാനത്തിന്റെ രണ്ടാമത്തെ സവിശേഷത, അമുസ്‌ലിമായ സാമൂതിരിയുടെ നേതൃത്വത്തിൽ മുസ്‌ലിംകളും നായർ പടയാളികളും ചേർന്ന് നടത്തുന്ന യുദ്ധത്തെ അത് ജിഹാദായി വിശേഷിപ്പിക്കുന്നുവെന്നതാണ്. പാശ്ചാത്യർ പ്രചരിപ്പിച്ചതുപോലെ ജിഹാദ് 'വിശുദ്ധ യുദ്ധ'മോ മതഭ്രാന്തിന്റെ പ്രകടനമോ അല്ല, മറിച്ച് അക്രമത്തിനും അനീതിക്കുമെതിരെ ഇരകൾക്കു വേണ്ടിയുള്ള പോരാട്ടമാണ്, പ്രസ്തുത പോരാട്ടത്തിൽ ജാതിയോ മതമോ നോക്കാതെ എല്ലാവരുടെയും സഹകരണം ഉറപ്പുവരുത്തേണ്ടതാണ് തുടങ്ങിയ പ്രത്യയശാസ്ത്രനിലപാടിനെ ഉറപ്പിക്കുകയാണ് ഈ കൃതി.

രണ്ട് ഭാഗങ്ങളുള്ള *തഹ്‌രീദി*ന്റെ രണ്ടാം ഭാഗത്താണ് പറങ്കികൾക്കെതിരെയുള്ള സമരാഹ്വാനമുള്ളത്. ആദ്യഭാഗം പോർച്ചുഗീസ് അധിനിവേശത്തിന്റെ ചരിത്രമാണ്. അദ്ദേഹത്തിന്റെ പൗത്രനായ ശൈഖ് സൈനുദ്ദീൻ രണ്ടാമൻ *തുഹ്ഫത്തുൽ മുജാഹിദീ*ന്റെ രചനക്ക് *തഹ്‌രീദി*ന്റെ ആദ്യഭാഗം അവലംബിച്ചിട്ടുണ്ടാകാം എന്നാണ് മനസ്സിലാക്കപ്പെടുന്നത്.

## സ്വാധീനം

കൊളോണിയൽവിരുദ്ധ പോരാട്ടത്തിന് ശൈഖ് സൈനുദ്ദീൻ ഒരുക്കിയ പ്രത്യയശാസ്ത്രപരിസരവും വൈജ്ഞാനിക-സാമൂഹിക-രാഷ്ട്രീയ മണ്ഡലങ്ങളിലെ അദ്ദേഹത്തിന്റെ നവോത്ഥാനശ്രമങ്ങളുമാണ് രാഷ്ട്രീയ മേൽക്കോയ്മ ഇല്ലാതിരുന്നിട്ടുപോലും ഒരു നൂറ്റാണ്ടിലേറെക്കാലം പോർച്ചുഗീസ് ആക്രമണത്തെ ധീരമായി ചെറുത്തുനിൽക്കാൻ കേരള മുസ്‌ലിംകൾക്ക് കരുത്തു നൽകിയ പ്രധാന ഘടകം. അധിനിവേശവിരുദ്ധ പോരാട്ടത്തിന്റെ വീരഗാഥ രചിച്ച മരക്കാർ കുടുംബത്തിന്റെ ആശയമണ്ഡലത്തെയും ലോകബോധത്തെയും രൂപപ്പെടുത്തിയതിൽ പൊന്നാനി കേന്ദ്രമാക്കി ശൈഖ് സൈനുദ്ദീൻ നടത്തിയ പ്രവർത്തനങ്ങളും അദ്ദേഹത്തിന്റെ കൃതികളും പ്രധാന പങ്ക് വഹിച്ചതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഭൗതികമായ എത്ര വലിയ പ്രലോഭനത്തെയും അവഗണിച്ച് ഒരു ലക്ഷ്യത്തിനു വേണ്ടി ജീവാർപ്പണം ചെയ്യാൻ മുസ്‌ലിം പൊതുസമൂഹത്തെ സജ്ജമാക്കി എന്നതാണ് ശൈഖ് സൈനുദ്ദീൻ നേടിയ വിജയം. അദ്ദേഹം മുസ്‌ലിം പൊതുബോധത്തിൽ വളർത്തിയെടുത്ത പരലോകചിന്തയും ഭൗതികവിരക്തിയുമാണ് ഈ അവസ്ഥ സൃഷ്ടിച്ചത്. പറങ്കികൾക്കെതിരെ പൊരുതാൻ തങ്ങൾക്കു കീഴിൽ ആയിരക്കണക്കിന് മുസ്‌ലിം ചെറുപ്പക്കാരെ കുഞ്ഞാലി മരക്കാർമാർക്ക് ലഭിച്ചത് ശൈഖ് സൈനുദ്ദീൻ സൃഷ്ടിച്ച സാമ്രാ

ജ്യത്വവിരുദ്ധവും പരലോകബന്ധിതവുമായ ഈ പൊതുബോധത്തിന്റെ ശക്തിയെയാണ് അടയാളപ്പെടുത്തുന്നത്.

## കൃതികൾ

*തഹ്‌രീദിനു* പുറമെ *മുർശിദുത്തുല്ലാബ്, സിറാജുൽ ഖുലൂബ്, ശംസുൽ ഹുദാ, തുഹ്ഫത്തുൽ അഹിബ്ബാഅ്, ഇർശാദുൽ ഖാസിദിൻ, ശുഅ്ബുൽ ഈമാൻ, ഹിദായത്തുൽ അദ്കിയാ* തുടങ്ങിയവ അദ്ദേഹത്തിന്റെ രചനകളാണ്.

ശൈഖ് സൈനുദ്ദീൻ മഖ്ദൂമിന്റെ ഭാര്യമാരെക്കുറിച്ച് എവിടെയും രേഖപ്പെടുത്തപ്പെട്ടിട്ടില്ല. യഹ്‌യ, ഗസ്സാലി, അബ്ദുൽ അസീസ് എന്നീ മൂന്ന് പുത്രന്മാരും ഖദീജ, മർയം എന്നീ രണ്ട് പെൺമക്കളുമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. മൂത്ത മകൻ യഹ്‌യ ചെറുപ്പത്തിലേ മരണപ്പെട്ടു. ദ്വിതീയ പുത്രൻ ശൈഖ് അബ്ദുൽ അസീസാണ് അദ്ദേഹത്തിനു ശേഷം മഖ്ദൂമായി അവരോധിക്കപ്പെട്ടത്. മലബാറിലെ പോർച്ചുഗീസ് അധിനിവേശത്തിന്റെ അടിത്തറ തകർത്ത 1571 -ലെ ചാലിയം യുദ്ധത്തിന്റെ പ്രധാന നേതാക്കളിൽ ഒരാളായിരുന്നു ശൈഖ് അബ്ദുൽ അസീസ്. മൂന്നാമത്തെ മകനായ ശൈഖ് ഗസ്സാലി വടക്കേ മലബാറിലെ ഖാദിയായിരുന്നു. ഇദ്ദേഹത്തിന്റെ മകനാണ് സാമ്രാജ്യത്വവിരുദ്ധ രാഷ്ട്രീയത്തിന്റെ പ്രത്യയശാസ്ത്രകാരനും ചരിത്രപണ്ഡിതനുമായ ശൈഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ.

928/1522-ൽ 57-ാമത്തെ വയസ്സിലാണ് മഖ്ദൂം ഒന്നാമൻ മരണപ്പെട്ടത്. പൊന്നാനിയിൽതന്നെ ഖബ്റടക്കപ്പെട്ടു.

അടുത്ത ലക്കത്തിൽ: **സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ**